പ്രതികരണം

●

പി. മുഹമ്മദ് കൊടുവള്ളി

# ഉമ്മത്തും കമ്യൂണും

***പ്രബോധനം*** ലക്കം 23–ലെ 'കമ്യൂണിസം–ഇസ്‌ലാം സംവാദത്തിന്റെ പ്രസക്തി' എന്ന മുഖക്കുറിപ്പും ലക്കം 27–ലെ 'കമ്യൂണിസം ഇസ്‌ലാമാകുമ്പോൾ' എന്ന ലേഖനവും (പ്രഫ. അഹ്മദ് കുട്ടി ശിവപുരം) ആണ് ഈ പ്രതികരണത്തിന്റെ പ്രേരകം.

പ്രഫസർ അഹ്മദ് കുട്ടി എഴുതിയതുപോലെ ഉമ്മത്ത് എന്ന അറബി വാക്കിന് കമ്യൂൺ എന്നാണ് അർഥമെങ്കിൽ വിശുദ്ധ ഖുർആനിലെ ഉമ്മിയ്യ് എന്ന വാക്കിന് കമ്യൂണിസ്റ്റ് എന്ന് അർഥമുണ്ടാകും. ഉമ്മത്തിന്റെ സംബന്ധ നാമം (ഇസ്മു മൻസൂബ്) ഉമ്മിയ്യ് എന്നാണ്.

അതുകൊണ്ട് ഖുർആൻ 7:158–ലെ ഉമ്മിയ്യായ പ്രവാചകനെ നിങ്ങൾ പിന്തുടരുവിൻ എന്ന കൽപനയിലെ 'നബിയ്യുൽ ഉമ്മിയ്യി'നെ നിരക്ഷരനായ പ്രവാചകനാക്കാൻ വ്യാഖ്യാതാക്കൾ ധൃതി കാണിക്കേണ്ടതില്ല. നിരക്ഷരത പിന്തുടരാനർഹമായ മാതൃകയുമല്ല.

എന്നാൽ കമ്യൂണിസ്റ്റ് പ്രവാചകനെ പിന്തുടരുവിൻ എന്ന വ്യാഖ്യാനവും ആ വചനത്തിന് നൽകേണ്ടതില്ല. രണ്ട് അർഥങ്ങളെയും സന്തുലിതമായി ഉൾക്കൊള്ളുന്ന ഒരു വ്യാഖ്യാനമാണ് ഉചിതമായിട്ടുള്ളത്. അത് അബ്ദുല്ലാ യൂസുഫലി നൽകുന്ന വ്യാഖ്യാനമാണ്. അദ്ദേഹം പറയുന്നു: "The unlettered as applied to individuals, it means that God's revelation is for the benefit of all men, whether they have worldly learning or not"(The Holy Quran- Translation and Commentary, By A Yusuf Ali- Note 5451 of 62:2).

സൂറ *ജുമുഅ*യിലെ രണ്ടാം വാക്യത്തിൽ പരാമർശിച്ച ഉമ്മിയ്യിനെ വിശദീകരിച്ചുകൊണ്ടാണ് യൂസുഫലി മേൽ പ്രകാരം എഴുതിയത്.

പ്രസ്തുത ഖുർആൻ സൂക്തം പാരായണം ചെയ്യുമ്പോൾ എംഗൽസിന്റെ ജീവിതം ഓർമയിൽ വരുന്നു. തുണി വ്യവസായി ആയിരുന്ന എംഗൽസ് മാഞ്ചസ്റ്ററിലെ സ്വന്തം തുണിമില്ലിൽ തൊഴിലാളികളോടൊപ്പം ചേർന്നു ജോലി ചെയ്യുകയും അവരെപ്പോലെ ശമ്പളം പറ്റുകയും അവരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും സ്വാനുഭവത്തിൽ കൂടി മനസ്സിലാക്കുകയും ചെയ്തിരുന്നു. അതുപോലെ മുഹമ്മദ് നബി 'ഉമ്മിയ്യ്' ആയ അറബ് ജനതയോട് താദാത്മ്യം പ്രാപിച്ചിരുന്നു. ഈ ഐക്യപ്പെടൽ കാരണം തൗറാത്തിന്റെയും ഇഞ്ചീലിന്റെയും നാഥനായ ദൈവം വരാനിരിക്കുന്ന പ്രവാചകനെ 'ഉമ്മിയ്യ്' എന്ന് ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തി. ഇതാണ് ഖുർആൻ 7:158 –ൽ നിന്നും മനസ്സിലാകുന്നത്. ഇതൊന്ന് മാത്രമാണ് ഉമ്മിയ്യ് ആയ റസൂലിനെ പിൻപറ്റാൻ നമ്മോട് ദൈവം കൽപിച്ചതിന്റെ സാഹചര്യം. വേറെ അർഥമാണ് പ്രസ്തുത വാക്കിന് സങ്കൽപിക്കേണ്ടതെങ്കിൽ നിരക്ഷരത സത്യവിശ്വാസിയുടെ ഒരവശ്യ യോഗ്യ

തയാണെന്നാണ് വരിക. 'നിരക്ഷരനായ പ്രവാചകനെ നിങ്ങൾ വിശ്വസിക്കുകയും പിൻപറ്റുകയും ചെയ്യുവിൻ' എന്ന് ഖുർആനിൽ പറയുമ്പോൾ (ഖുർആൻ 7:158) പ്രത്യേകിച്ചും. എന്നാൽ അത് സത്യവിശ്വാസിയുടെ ഒരു ലക്ഷണമേയല്ല.

കമ്യൂണിസത്തിന്റെ അടിസ്ഥാന സിദ്ധാന്തങ്ങളായ വർഗ സമരത്തെയും വൈരുധ്യാധിഷ്ഠിത ഭൗതികവാദത്തെയും മതത്തിന്റെ അടിസ്ഥാനത്തിലല്ല, ശാസ്ത്രീയ വിജ്ഞാനങ്ങളുടെ വെളിച്ചത്തിലാണ് വിലയിരുത്തേണ്ടത്. കാരണം, ഒന്ന് ചരിത്ര വ്യാഖ്യാനവും മറ്റേത് ശാസ്ത്ര വ്യാഖ്യാനവുമാണ്. ഡാർവിന്റെ പരിണാമ സിദ്ധാന്തവും അങ്ങനെത്തന്നെ. ഇത് മൂന്നും സത്യാന്വേഷണ പാതയിലെ പ്രധാന നാഴികക്കല്ലുകളാണ്. കുറേകൂടി ദൂരം സഞ്ചരിച്ചിട്ട് തെറ്റാണെന്ന് കാണുന്നുവെങ്കിൽ തള്ളിക്കളയുകയും ശരിയാണെങ്കിൽ തുടരുകയും ചെയ്യാം. ശരിയാവാനും തെറ്റാനാവും സാധ്യതയുള്ള ശാസ്ത്രീയ സിദ്ധാന്തങ്ങളെ വൈകാരികമായി പ്രതിരോധിക്കേണ്ട ആവശ്യമില്ല. സൃഷ്ടിക്കുക(ഖലഖ്) എന്ന വാക്കിന് നിർണയിക്കുക, തീരുമാനിക്കുക, രൂപകൽപന നടത്തുക, ആസൂത്രണം നടത്തുക എന്നൊക്കെയാണ് പ്രമുഖ ഖുർആൻ നിഘണ്ടുകളിൽ അർഥമെഴുതിയത്. വെളിപ്പെടുത്തുക എന്നാണ് ചില സൂഫി പണ്ഡിതന്മാർ നൽകുന്ന അർഥം. ■